ഉത്തരം

(എ) ക്ഷേത്രത്തിന്റെ നാല് കിലോമീറ്റർ ചുറ്റളവിലുള്ള മുഴുവൻ പ്രദേശവും ഉത്സവമേഖല ആയി ഇക്കൊല്ലം പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) പൊങ്കാലയും ഉത്സവ ആഘോഷങ്ങളും നടക്കുന്ന എല്ലാ സ്ഥലവും ഉൾക്കൊള്ളുന്നതിനു വേണ്ടിയാണ് നാല് കിലോമീറ്റർ ചുറ്റളവിലായി ഉത്സവ മേഖലയായി പ്രഖ്യാപിക്കുന്നത്.

(സി) ഉദിക്കുന്നില്ല.

മോഷണങ്ങൾ അന്വേഷിക്കുവാൻ പ്രത്യേക സ്ക്വാഡ്

61 [1576] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പാരിപ്പള്ളി കൊടിമൂട്ടിൽ ക്ഷേത്രം, കല്ലുവാതുക്കൽ, നെട്ടറക്കാവ് ക്ഷേത്രം, പരവൂർ പുറ്റിംഗൽ ക്ഷേത്രം എന്നിവിടങ്ങളിൽ നടന്ന മോഷണങ്ങൾ പോലീസിന്റെ പ്രത്യേക സ്ക്വാഡിനെക്കൊണ്ട് അന്വേഷിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

പാരിപ്പള്ളി കൊടിമൂട്ടിൽ ക്ഷേത്രത്തിൽ നടന്ന മോഷണത്തെക്കുറിച്ച് പോലീസ് സർക്കിൾ തലത്തിലുള്ള സ്ക്വാഡിനെക്കൊണ്ട് അന്വേഷണം നടത്തിവരുന്നു (പാരിപ്പള്ളി പി. എസ്. ക്രൈം 187/02). കല്ലുവാതുക്കൽ നെട്ടറക്കാവ് ക്ഷേത്ര കവർച്ചയെ സംബന്ധിച്ച് ക്രൈംബ്രാഞ്ച് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിലുള്ള അന്വേഷണ സംഘം അന്വേഷിച്ചുവരുന്നു (ക്രൈം നമ്പർ 51/സി. ആർ/04). പരവൂർ പുറ്റിംഗൽ ക്ഷേത്രത്തിൽ മോഷണം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മോഷണം തടയുന്നതിന് ജാഗ്രതാ സംവിധാനം

62 [1577] ശ്രീ. എ. സി. മൊയ്തീൻ :

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :

ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായ തരത്തിൽ പോക്കറ്റടി, വാഹനമോഷണം ഭവനങ്ങളിൽ മോഷണം എന്നിവ വർദ്ധിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കഴിഞ്ഞ ഒരു വർഷത്തിനകം ഇത്തരത്തിലുള്ള കേസുകൾ എത്ര എണ്ണം സംസ്ഥാനത്താകെ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിൽ എത്ര കേസുകൾ തെളിയിക്കാൻ കഴിഞ്ഞു എന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) വർദ്ധിച്ചുവരുന്ന മോഷണം തടയുന്നതിന് പോലീസിന്റെ ജാഗ്രതാ സംവിധാനം മെച്ചപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കഴിഞ്ഞ നാലു വർഷത്തെ കണക്കുകൾ പ്രകാരം പോക്കറ്റടി, വാഹനമോഷണം എന്നിവ കുറഞ്ഞുവരുന്നതായും ഭവനങ്ങളിലെ മോഷണത്തിൽ വർദ്ധനവ് ഇല്ലെന്നും ആണ് കാണുന്നത്.

(ബി) 2004-ാം വർഷം രജിസ്റ്റർ ചെയ്ത് ഈ കേസുകളുടെ വിവരം താഴെ കൊടുക്കുന്നു:

പോക്കറ്റടി—128

വാഹനമോഷണം—1634

ഭവനങ്ങളിൽ മോഷണം—4418
(എച്ച്. ബി. തെഫ്റ്റ്)

(സി) പോക്കറ്റടി—117-ം, വാഹനമോഷണം—454-ഉം, ഭവനങ്ങളിലെ മോഷണം (എച്ച്. ബി. തെഫ്റ്റ്)—1403-ഉം കേസുകൾ തെളിയിക്കപ്പെട്ടിട്ടുണ്ട്.

(ഡി) മോഷണം ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിന്റെ ഭാഗമായി പട്രോളിംഗുകളും നൈറ്റ്ബീറ്റുകളും കാര്യക്ഷമമാക്കിയിട്ടുണ്ട്.

പോലീസ് വകുപ്പിന്റെ സ്ഥലം ബസ്സ്റ്റാന്റ് വികസനത്തിന്

63 [1578] ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരിയിലെ പോലീസ് വകുപ്പിന്റെ സ്ഥലം വടക്കാഞ്ചേരി പഞ്ചായത്ത് ബസ്സ്റ്റാന്റ് വികസനത്തിന് വിട്ടുതരണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോലീസ് ക്വാർട്ടേഴ്സിന് ആവശ്യമായ സ്ഥലം പഞ്ചായത്ത് ലഭ്യമാക്കാമെന്ന് സമ്മതിച്ചിട്ടുള്ളതായി ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) പോലീസ് വകുപ്പിന്റെ വക സ്ഥലം പകരം സ്ഥലം ലഭിക്കുന്ന മുറയ്ക്ക് വിട്ടുകൊടുക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly